പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ :

(എ) മൂന്നു പാലങ്ങളുടെ പണി ആരംഭിക്കാതുണ്ട്. അവ :—

(1) പനത്തൂറപ്പാലം

(2) മാവിലക്കടവു പാലം

(3) മണ്ഡപത്തിൻകടവുപാലം

(ബി) ഇടയാറിലുള്ള ഫൂട്ട് ബ്രിഡ്ജിന്റെ പണി നടന്നുവരുന്നു. പനത്തൂറപ്പാലത്തിന്റെ പണി ആരംഭിച്ചിട്ടില്ല.

ശ്രീ. പി. വിശ്വംഭരൻ : രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതും ഇപ്പോൾ എമർജൻസിയുടെ പേരിൽ മാറ്റിവച്ചിരുന്നതുമായ ഈ പാലത്തിന്റെ പണികൂടി ഇനിയും എമർജൻസിയുടെ പേരിൽ മാറ്റിവയ്ക്കാതെ ഇക്കൊല്ലം തന്നെ അതിന്റെ പണി ആരംഭിക്കാനുള്ള നടപടിയെടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അങ്ങനെ ഇക്കൊല്ലംതന്നെ പണി ആരംഭിക്കാം എന്നുപറയാൻ നിവ്വാഹമില്ല. തുടങ്ങിയിട്ടുള്ള വർക്കുകൾതന്നെ പൂർത്തിയാക്കാൻ സാധിക്കുമോ എന്നുള്ളതു സംശയമാണ്.

ശ്രീമതി. ഓ. ടി. ശാരദാകൃഷ്ണൻ : പുതിയ പാലങ്ങളുടെ പണി പൂർത്തിയായിട്ടും സ്വാഭാവികമായി അതിന്റെ അപ്രോച്ച് റോഡുകളുടെ പണിയും മറ്റും പൂർത്തിയാക്കാത്തതുകൊണ്ട് പഴയ പാലങ്ങളിൽക്കൂടി വാഹനങ്ങളും മറ്റും ഡ്രൈവറന്മാർ ഓടിച്ചുവരുന്നതുകൊണ്ട് അപകടങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്നുള്ളതിനെ പരിഗണിച്ചു ഈ അപ്രോച്ച് റോഡുകളും മറ്റും എത്രയും വേഗം പണിപൂർത്തിയാക്കുകയും, പഴയ പാലത്തിൽക്കൂടി ഗതാഗതം നിരോധിക്കുകയും ചെയ്യാൻ വേണ്ട നടപടിയെടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : പുതിയ പാലങ്ങളും പൂർത്തിയാകുന്നതോടുകൂടി പഴയ പാലങ്ങളും ഉപയോഗശൂന്യമായിത്തീരുകയാണ്. അതിൽക്കൂടി ഗതാഗതസൗകര്യം പാടില്ല എന്നു വരുന്നുണ്ട്. അങ്ങനെ ഏതെങ്കിലും കാര്യങ്ങൾ ഉണ്ടെന്നുള്ളതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെടുത്തിയാൽ അതിനു വേണ്ടനടപടികളും എടുക്കാം.

WRITTEN ANSWERS

ആശുപത്രി വികസനം

* 961. [22] ശ്രീ. ഇടിക്കുള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1964-65 സാമ്പത്തികവർഷത്തിൽ എത്തെല്ലാം ആശുപത്രികൾ വികസിപ്പിക്കുന്നതിനു ബഹുമാനപ്പെട്ട ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട്.

(ബി) പത്തനംതിട്ട താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയുടെ വികസന കാര്യത്തിൽ ഗവണ്മെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

(സി) ഉണ്ടെങ്കിൽ എന്ത് എന്നു പറയുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 1964—65—ലെ ബഡ്ജറ്റു പാസായതിനു ശേഷമേ ഇതു പറയുവാൻ നിർവാഹമുള്ളൂ.

(ബി) ഉണ്ട്.

(സി) 12 ബെഡ്ഡുകളോടുകൂടിയ ഒരു പ്രസവ വാർഡിന്റെ പണി പൂർത്തിയായി. 23-12-63—ൽ തുറന്നിട്ടുണ്ട്

(2) 24 ബെഡ്ഡുകളോടുകൂടിയ ഒരു ജനറൽ വാർഡു പണിയുന്നതിനു വേണ്ട എസ്റ്റിമേറും പ്ലാനും തയ്യാറാക്കുവാൻ പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly